# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 330

23.06.2014-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ-വിദ്യാർത്ഥി ബോധവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും അത് മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെകുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സൈബർ കുറ്റകൃത്യങ്ങളെകുറിച്ചും അത് മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, ജനമൈത്രീ പോലീസ് പദ്ധതി തുടങ്ങിയവയിലൂടെ ഇക്കാര്യത്തിൽ സെമിനാറുകളും, ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. |
| (ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം: | (ബി) വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നത്. |
| (സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (സി) മൊബൈൽ ഫോൺ ദുരുപയോഗം, വ്യാജ പ്രൊഫൈൽ ഉപയോഗം, ഇന്റർനെറ്റ് തട്ടിപ്പ്, എ.റ്റി.എം. തട്ടിപ്പ് തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങളെകുറിച്ചും അതു മൂലം സമൂഹത്തിലുണ്ടാകുന്ന ഭവിഷ്യത്തുകളെകുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികളാണ് കുട്ടികൾക്കായി സംഘടിപ്പിച്ചിട്ടുള്ളത്. ഇതിനായി ജില്ലാ തലങ്ങളിലും, സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ചും സെമിനാറുകളും, ശിൽപശാലകളും നടത്തുന്നുണ്ട്. |
| (ഡി) പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി സ്റ്റുഡൻസ് പോലീസ് കേഡറ്റ്, ജനമൈത്രീ പോലീസ് പദ്ധതി എന്നിവയുടെ പ്രവർത്തനം വ്യാപിപ്പിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ